പതിമൂന്നാം കേരള നിയമസഭ
13-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 751 11.03.2015-ൽ മറുപടിയ്ക്ക്

ചാലക്കുടി താലൂക്ക് ഗവൺമെന്റ് ആശുപത്രിയിൽ ട്രോമകെയർ, ഡയാലിസിസ്, ബ്ലഡ് ബാങ്ക് യൂണിറ്റുകൾ

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
|---|---|---|---|
| എ | ചാലക്കുടി താലൂക്ക് ഗവൺമെന്റ് ആശുപത്രിയിൽ ട്രോമകെയർ, ഡയാലിസിസ്, ബ്ലഡ് ബാങ്ക് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; നടപടി ഏതു ഘട്ടത്തിലാണ് ;വ്യക്തമാക്കാമോ; | എ | ഉണ്ട്. 2011-12 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ട്രോമാകെയറിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് 13.45 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഡയാലിസിസ്, ബ്ലഡ് ബാങ്ക് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| ബി | നിലവിൽ അനുവദിച്ചിട്ടുള്ള കാരുണ്യ ഫാർമസി, എക്സ്റേ യൂണിറ്റ്, സീവേജ് പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടിഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ | ബി | എക്സ്റേ യൂണിറ്റിനായുള്ള സ്ഥലം നിശ്ചയിക്കുന്നതിന് പൊതുമരാമത്ത് അധികാരികൾ ആശുപത്രി സന്ദർശിച്ചിരുന്നു. കാരുണ്യ ഫാർമസിയുടെ കെട്ടിടം പണിപൂർത്തീകരിച്ച് നിർമ്മിതി കേന്ദ്രം ഇതുവരെ കൈമാറിയിട്ടില്ല. സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിനായി 60 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും എം.എസ്. സസ്റ്റൈനബിൾ സിസ്റ്റം (പ്രൈവറ്റ് ലിമിറ്റഡ്) എന്ന കൺസൾട്ടൻസിയുമായി ചേർന്ന് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കംപ്യൂട്ടറൈസ്ഡ് എക്സ്റേ മെഷീൻ വാങ്ങുന്നതിന് 30 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| സി | 10 കിടക്കകളോടുകൂടിയ ഐ.സി.യു.വും, ബയോ കെമിസ്ട്രി ഓട്ടോ അനലൈസറും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി | ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ